
वेदोऽखिलो धर्ममूलम्
കാശ്യപ വേദ
റിസർച്ച് ഫൗണ്ടേഷൻ
കോഴിക്കോട്
അതിരാത്രം
2026 ഏപ്രിൽ 17-26
വേദമഹാമന്ദിരം
കക്കോടി, കോഴിക്കോട്, കേരളം







ധന്യാത്മൻ,

2014ൽ കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ സംഘടിപ്പിച്ച 'കോഴിക്കോട് സോമയാഗം' താങ്കൾക്ക് ഓർമയുണ്ടല്ലോ. പതിമൂന്നര ലക്ഷം പേർ പങ്കെടുത്ത, ജാതിലിംഗഭേദമന്യേ എല്ലാവരും ചേർന്ന് നടത്തിയ, പ്രകൃതിസംരക്ഷണത്തിന്റെയും സാമൂഹിക ഐക്യത്തിന്റെയും സന്ദേശമുണർത്തിയ ആ ഐതിഹാസികമായ അഗ്നിഷ്ടോമ സോമയാഗത്തിന് ശേഷം, ഒരു വ്യാഴവട്ടത്തിനിപ്പുറം കോഴിക്കോട് ഇതാദ്യമായി ഒരു അതിരാത്ര മഹായാഗം വിഭാവനം ചെയ്തിരിക്കുകയാണ് കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ കുലപതിയായ വേദാചാര്യൻ ആചാര്യശ്രീ രാജേഷ്. 2026 ഏപ്രിൽ 17 മുതൽ 26 വരെ കക്കോടി ഒറ്റത്തെങ്ങിലെ വേദമഹാമന്ദിരത്തിൽ വെച്ചാണ് അതിരാത്രം നടക്കുക. സാമൂതിരിയുടെ നാട് ചരിത്രത്തിലാദ്യമായി സാക്ഷ്യം വഹിക്കാൻ പോകുന്ന അതിരാത്രത്തിൽ പങ്കുചേരാനും യജ്ഞസ്വരൂപനായ ഭഗവാൻ വേദനാരായണന്റെ അനുഗ്രഹത്തിന് പാത്രീഭൂതരാകാനും താങ്കളെ കുടുംബസമേതം ക്ഷണിക്കുകയാണ്, വേദമഹാമന്ദിരത്തിലേക്ക്.

സ്നേഹപൂർവം

**വിവേക് ഡി ഷേണായ്**

ട്രസ്റ്റി, കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ





## എന്താണ്, എന്തിനാണ് അതിരാത്രം?

ചരിത്രാതീത കാലം മുതൽക്കേ ഭാരതത്തിൽ നടന്നുവരുന്ന ശ്രൗതയജ്ഞങ്ങളിൽ പ്രധാനമാണ് സോമയജ്ഞങ്ങൾ. ഏഴ് സോമയജ്ഞങ്ങളിൽ ആദ്യത്തേതും, ഏറ്റവും അടിസ്ഥാനപരമായതുമാണ് അഗ്നിഷ്ടോമം. അതിനേക്കാൾ ഏറെ വിപുലവും പ്രസിദ്ധവുമാണ് ആറാമത്തെ സോമയജ്ഞമായ അതിരാത്രം. അഗ്നിഹോത്രവും ദർശപൗർണമാസേഷ്ടികളും ചെയ്യുന്നവർക്കാണ് അഗ്നിഷ്ടോമം ചെയ്യാനുള്ള അധികാരമുള്ളത്, ആ അഗ്നിഷ്ടോമം ചെയ്തവർക്ക് മാത്രമാണ് അതിരാത്രം ചെയ്യാനുള്ള അധികാരം.

പകൽ തുടങ്ങുന്ന സോമയജ്ഞക്രിയകൾ രാത്രിയിലും തുടർന്ന്, പിറ്റേന്ന് വരെ നീണ്ടുനിൽക്കുന്നതിനാൽ- രാത്രിയെ അതിക്രമിക്കുന്നത് എന്ന അർഥത്തിലാണ് അതിരാത്രം എന്ന പേരുവന്നത്. അഗ്നിഷ്ടോമത്തിൽ പ്രാതഃസവനം, മാധ്യന്ദിനസവനം, തൃതീയ സവനം എന്നിങ്ങനെ പകൽ മൂന്ന് നേരങ്ങളിൽ നടക്കുന്ന സോമാഹുതികളാണുള്ളത്. എന്നാൽ അതിരാത്രത്തിൽ രാത്രിയിലും വിശേഷസവനം നടക്കുന്നു. ഇത് അതിരാത്രത്തെ വളരെ വിശേഷപ്പെട്ടതാക്കിത്തീർക്കുന്നു.

















## യാഗത്തിന്റെ പ്രയോജനങ്ങൾ

അഥർവ്വ വേദത്തിൽ പറയും ലോകങ്ങളുടെ പ്രജ്ഞാനത്തിനായി യജ്ഞങ്ങളെ സൃഷ്ടിച്ചു. - "തേഷാം പ്രജ്ഞാനായ യജ്ഞാൻ അസൃജത്". അതായത്, ഈ പ്രപഞ്ചം എങ്ങനെ ഉണ്ടായി എന്ന സൃഷ്ടിവിജ്ഞാനവും എന്തിനുവേണ്ടി ഉണ്ടായി എന്ന ആധ്യാത്മികജ്ഞാനവും അറിയിക്കലാണ് ശ്രൗതയാഗത്തിന്റെ പ്രധാനലക്ഷ്യം. സൃഷ്ടിയിലെ പരിണാമപ്രക്രിയകൾ യാഗത്തിൽ ദൃശ്യാവിഷ്കരണങ്ങളായി മാറുന്നു.

ഇതുകൂടാതെ, അതിരാത്രത്തിന്റെ അനേകം ഫലങ്ങൾ ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഋതം അഥവാ പ്രകൃതിയുടെ താളത്തെ വീണ്ടെടുക്കൽ, സാമാജികമായ കെട്ടുറപ്പ് വർധിപ്പിക്കൽ, സാംക്രമിക രോഗവിമുക്തി, ആധ്യാത്മികോന്നതി, സമൃദ്ധിയും സംതൃപ്തിയും തുടങ്ങി അതിരാത്രത്തിന് അനവധിയായ ഗുണഫലങ്ങളുള്ളതായി പറയപ്പെടുന്നു. ഈ മഹായാഗത്തിൽ സരസ്വതിക്ക് വിശേഷമായ ആഹുതികൾ നൽകപ്പെടുന്നതിനാൽ, വിദ്യാപ്രാപ്തി, സർഗ്ഗശേഷിയുടെ അഭിവൃദ്ധി തുടങ്ങിയവയും യാഗഫലങ്ങളാകുന്നു.

യാഗസംസ്കാരവുമായി ബന്ധപ്പെട്ട് ഭാരതത്തിൽ ഉണ്ടായ ഗണിത-ജ്യോതിശ്ശാസ്ത്ര വളർച്ചയുടെ ചരിത്രത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കലും കോഴിക്കോട് അതിരാത്രത്തിന്റെ ലക്ഷ്യമാണ്. അതിനായി പ്രത്യേക എക്സിബിഷൻ യാഗഭൂമിയിൽ ഉണ്ടായിരിക്കും. കൂടാതെ അതിരാത്രത്തിന്റെ യാഗക്രിയകൾ പൂർണമായും വീഡിയോയിൽ പകർത്തി ഗവേഷണത്തിന് ഉതകുംവിധം സംരക്ഷിക്കുകയും ചെയ്യും.





# യാഗ ക്രിയകൾ

## ദിവസം 1 (ഏപ്രിൽ 17)

സങ്കൽപം
ഋത്വിക് വരണമ്
മധുപർക്കം
ഉഖാ സംഭരണം
വായവ്യയാഗം
പ്രധാനയാഗം
ഹവിർയാഗം
ദീക്ഷണീയേഷ്ടി
ദീക്ഷാഗ്രഹണം
ഉഖാ പ്രവൃഞ്ജനം
വിഷ്ണുക്രമണം
സമീഹാര പ്രസ്ഥാപനം

## ദിവസം 2 (ഏപ്രിൽ 18)

വിഷ്ണുക്രമണം
ഗാർഹപത്യ ചിതി ചയനം
അഗ്നിസ്ഥാപനം
പ്രായണീയാ ഇഷ്ടി
സോമക്രയം
അതിഥ്യാ ഇഷ്ടി
ഓഷധി വപനം
പ്രവർഗ്യം
ഉപസത്
സുബ്രഹ്മണ്യാഹ്വാനം
മഹാഗ്നി ചയനം
പ്രവർഗ്യം
ഉപസത്
സുബ്രഹ്മണ്യാഹ്വാനം

## ദിവസം 3 (ഏപ്രിൽ 19)

പ്രവർഗ്യം
ഉപസത്
സുബ്രഹ്മണ്യാഹ്വാനം
പ്രവർഗ്യം
ഉപസത്
സുബ്രഹ്മണ്യാഹ്വാനം

## ദിവസം 4 (ഏപ്രിൽ 20)

പ്രവർഗ്യം
ഉപസത്
സുബ്രഹ്മണ്യാഹ്വാനം
മഹാഗ്നി ചയനം
യൂപ ആഹരണം
പ്രവർഗ്യം
ഉപസത്
സുബ്രഹ്മണ്യാഹ്വാനം

## ദിവസം 5 (ഏപ്രിൽ 21)

പ്രവർഗ്യം
ഉപസത്
സുബ്രഹ്മണ്യാഹ്വാനം
മഹാഗ്നി ചയനം
പ്രവർഗ്യം
ഉപസത്
സുബ്രഹ്മണ്യാഹ്വാനം

## ദിവസം 6 (ഏപ്രിൽ 22)

പ്രവർഗ്യം
ഉപസത്
സുബ്രഹ്മണ്യാഹ്വാനം
ഉപസത്
സുബ്രഹ്മണ്യാഹ്വാനം

## ദിവസം 7 (ഏപ്രിൽ 23)

പ്രവർഗ്യം
ഉപസത്
സുബ്രഹ്മണ്യാഹ്വാനം
മഹാഗ്നി ചയനം
പ്രവർഗ്യം
ഉപസത്
സുബ്രഹ്മണ്യാഹ്വാനം
ശ്രീരുദ്ര ഹോമം
പ്രവർഗ്യോദ്വസനം
അഗ്നിപ്രണയനം
വൈശ്വാനരീയേഷ്ടി
വസോർധാരാ ഹോമം
ഹവിർധാനപ്രവർത്തനം
സദോനിർമാണം
അഗ്നീഷോമീയ യാഗം
പ്രധാന യാഗം
ദേവസുവാ ഹവിർയാഗം
ഹവിർയാഗം
വസതീവരീ പരിഹരണം
സായന്ദോഹ:
അന്വാധാനം

## ദിവസം 8 (ഏപ്രിൽ 24)

പ്രാതസ്സവനം
സോമാഭിഷവം
സാരസ്വത യാഗം
ദ്വിദേവത്യ യാഗം
ഋതുയാഗം
പ്രാതസ്സവന ശസ്ത്രം
മാധ്യന്ദിന സവനം
തൃതീയ സവനം
ഹവിർയാഗം
രാത്രി പ്രഥമ പരിയായം
ദ്വിതീയ പരിയായം
തൃതീയ പരിയായം

## ദിവസം 9 (ഏപ്രിൽ 25)

ആശ്വിന യാഗം
അവഭൃഥം
ഉത്തരാംഗം
സൗത്രാമണി യാഗം
പ്രധാന യാഗം
ഗ്രഹ ഹോമം
അവഭൃഥം

## ദിവസം 10 (ഏപ്രിൽ 25)

പുത്രകാമേഷ്ടി/ കാമ്യേഷ്ടി
പ്രധാന യാഗം
പൂർണാഹുതി
സമാരോപണം



अग्ने नय सुपथा राये अस्मान् (यजुर्वेद: ४०.१६)

“അല്ലയോ അഗ്നേ, ഞങ്ങളെ നീതിയുക്തമായ പാതയിലൂടെ സമൃദ്ധിയിലേക്ക് നയിച്ചാലും”



# നമ്മുടെ മാർഗ്ഗദീപം

## ആചാര്യശ്രീ രാജേഷ്

പ്രശസ്ത വേദപണ്ഡിതനും
കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷന്റെ കുലപതിയും

### വേദങ്ങളെ ജനകീയമാക്കിയ ആധുനിക ഋഷി

ആധുനികകാലത്തെ വെല്ലുവിളികളെ നേരിടുന്നതിനും, വ്യക്തിഗത വളർച്ചയ്ക്കും, കുടുംബത്തിന്റെയും സമൂഹത്തിന്റെയും അടിത്തറ ശക്തമാക്കുന്നതിനും വേദവിജ്ഞാനത്തിന്റെ പരിവർത്തനശക്തിയെ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ആചാര്യശ്രീ രാജേഷ് ലക്ഷക്കണക്കിന് ആളുകൾക്ക് മാർഗദർശനം നൽകിയിട്ടുണ്ട്.

### വൈദിക സാഹിത്യത്തിലെ സജീവ സാന്നിധ്യം

വേദവിഷയങ്ങളിൽ ദീർഘകാലമായി നിലനിന്നിരുന്ന ശൂന്യത പൂരിപ്പിച്ചുകൊണ്ട് ആചാര്യശ്രീ ഏകദേശം 120-ഓളം പുസ്തകങ്ങൾ മലയാളത്തിൽ രചിച്ചിട്ടുണ്ട്. കൂടാതെ ഇംഗ്ലീഷിലും നിരവധി ശ്രദ്ധേയമായ കൃതികൾ അദ്ദേഹത്തിന്റേതായുണ്ട്.

### സാമൂഹ്യ പരിഷ്കർത്താവ്

വേദജ്ഞാനത്തിന്റെ വാതിലുകൾ എല്ലാവർക്കും തുറന്നുനൽകുക മാത്രമല്ല, വേദമൂല്യങ്ങളിൽ ആധാരിതമായ സാർഥക പ്രവർത്തനങ്ങളിലൂടെ ജാതിവിവേചനങ്ങൾ അവസാനിപ്പിക്കാനും സ്ത്രീശാക്തീകരണത്തെ പ്രോത്സാഹിപ്പിക്കാനും അദ്ദേഹം സജീവമായി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

### വേദസംസ്കാരത്തിന്റെ പരിപാലകൻ

ഒരുകാലത്ത് വൈദിക സംസ്കാരത്തിന്റെ കേന്ദ്രബിന്ദുവായിരുന്ന യജ്ഞങ്ങളെ പുനരുജ്ജീവിപ്പിക്കുകയും അവ സാധാരണക്കാർക്ക് പ്രാപ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം വേദ സപ്താഹം, ദേശീയ വേദ സമ്മേളനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വേദങ്ങളുടെ ശ്രുതിപാരമ്പര്യം സംരക്ഷിക്കുകയും പാരമ്പര്യ ജ്ഞാനത്തിന്റെ തുടർച്ച ഉറപ്പാക്കുകയും ചെയ്യുന്നു.



### പുതിയ വൈദിക ചക്രവാളങ്ങളുടെ പ്രഘോഷകൻ

വൈദിക ജ്ഞാനം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി നിരന്തരം പുതിയ വഴികൾ വെട്ടിത്തുറക്കുകയാണ് അദ്ദേഹം. ഇതിന് ഉത്തമ ഉദാഹരണമാണ് അദ്ദേഹം വിഭാവനം ചെയ്ത വേദക്ഷേത്രം പോലുള്ള സംരംഭങ്ങൾ.



## ആചാര്യശ്രീയുടെ ഗ്രന്ഥങ്ങൾ

### അദ്ദേഹം രചിച്ച 120 ഗ്രന്ഥങ്ങളിൽ ചിലത് :




**ഹിന്ദുധർമ്മ രഹസ്യം**

ഒരു ലക്ഷത്തിനടുത്ത് കോപ്പികൾ വിറ്റഴിക്കപ്പെട്ട ഈ മികച്ച കൃതി ഹിന്ദുമതത്തിലെ ആചാരങ്ങൾ, പ്രതീകങ്ങൾ, ദേവതാ സങ്കൽപ്പങ്ങൾ എന്നിവയ്ക്ക് പിന്നിലെ ഗുപ്തമായ സത്യങ്ങളെയും ആഴമേറിയ പ്രതീകാത്മകതയെയും കുറിച്ച് പ്രതിപാദിക്കുന്നു.



**വേദപുഷ്പം**

നാല് വേദങ്ങളിൽ നിന്നും ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്ത സൂക്തങ്ങൾക്ക് ആർഷ (ഋഷിപ്രോക്തമായ) വ്യാഖ്യാനം നൽകുന്നു. ഇതിൽ ശ്രീ രുദ്രം, പുരുഷ സൂക്തം, വിശ്വകർമ്മ സൂക്തം, വാസ്തു സൂക്തം, നക്ഷത്ര സൂക്തം, കൃഷി സൂക്തം, വാണിജ്യ സൂക്തം എന്നിവ ഉൾപ്പെടുന്നു.



**യഥാർത്ഥ ഭഗവത്ഗീത**

ഭഗവദ് ഗീതയിലെ ഓരോ ശ്ലോകത്തിന്റെയും വൈദിക മൂലങ്ങളെ പിന്തുടർന്ന്, രണ്ടായിരത്തിലധികം വർഷങ്ങളായി മറഞ്ഞുകിടന്ന യഥാർത്ഥ യോഗരഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ധീരവും നവീനവുമായ വ്യാഖ്യാനം.




**മന്ത്രവേദം**

**ഓരോ വീടിനും ഒരു 'ലഘു വേദം'**

വിഷയാടിസ്ഥാനത്തിൽ ക്രമീകരിച്ചിരിക്കുന്നതും മലയാളം അർത്ഥത്തോടുകൂടിയതുമായ 800 അവശ്യ മന്ത്രങ്ങളുടെ സമാഹാരം.




**ഭാവവൃത്തം**

ആറുവർഷത്തെ സമർപ്പിതമായ ഗവേഷണഫലമായി ഉദിച്ചുയർന്ന ഈ വിപ്ലവാത്മക കൃതി, വേദസൂക്തങ്ങളിൽ വെളിവാക്കപ്പെട്ടിരിക്കുന്ന സൃഷ്ടിയുടെ ചക്രാകാര രഹസ്യം ഷഡ്ദർശനങ്ങളുടെ ദർശനദീപ്തിയിൽ വിശദമായി അനാവരണം ചെയ്യുന്നു.



**സർഗാത്മകതയുടെ ഇന്ദ്രജാലം**

ആത്മവിശ്വാസക്കുറവ്, ഉത്കണ്ഠ, ഭയം, ശ്രദ്ധയില്ലായ്മ, അരക്ഷിതാവസ്ഥ സാമ്പത്തിക സമ്മർദ്ദം തുടങ്ങിയ ആധുനിക ജീവിതപ്രശ്നങ്ങളെ അതിജീവിക്കാൻ പ്രായോഗികമായ വൈദിക മാർഗ്ഗങ്ങൾ അവതരിപ്പിക്കുന്ന അപൂർവ കൃതി; അതോടൊപ്പം കൃതജ്ഞത, സത്യനിഷ്ഠ, അന്തർജാഗ്രത എന്നിവയെ പോഷിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നു.



## ആചാര്യശ്രീക്ക് ലഭിച്ച പുരസ്ക്കാരങ്ങളും ബഹുമതികളും



മാതാ അമൃതാനന്ദമയി മഠം നൽകുന്ന 'അമൃതകീർത്തി പുരസ്കാരം' ആചാര്യശ്രീ രാജേഷ് ഏറ്റുവാങ്ങുന്നു.




സർവ്വദേശിക ആര്യ പ്രതിനിധി സഭ നൽകുന്ന ആദ്യ 'മഹാശയ ധരംപാൽ രാഷ്ട്രീയ ആര്യ ഗൗരവ് സമ്മാൻ' ആചാര്യശ്രീ ഏറ്റുവാങ്ങുന്നു.

### മറ്റ് അംഗീകാരങ്ങൾ :

ദയാനന്ദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വേദിക് സ്റ്റഡീസ് നൽകിയ "വേദ സംസ്കാര ആചാര്യ" പുരസ്കാരം; മധ്യപ്രദേശിലെ വൈദിക പണ്ഡിതന്മാർ സമ്മാനിച്ച "യജ്ഞ പ്രജാപതി" പുരസ്കാരം; അജ്മീറിലെ പരോപകാരിണി സഭ നൽകിയ "ആര്യ കർമഠ കാര്യകർതാ" പുരസ്കാരം; കർണാടകയിലെ ഓം ശാന്തി ധാമ ഗുരുകുലം നൽകിയ "വേദാചാര്യ" ബിരുദം; ബെംഗളൂരുവിലെ ശ്രീ അരവിന്ദ കപാലി ശാസ്ത്രി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വേദിക് കൾച്ചർ സമ്മാനിച്ച "കപാലി ശാസ്ത്രി" പുരസ്കാരം; കടവല്ലൂർ അന്യോന്യ പരിഷത്ത് നൽകിയ "വേദബന്ധു" പുരസ്കാരം ...

ഇതുകൂടാതെ അനേകം ബഹുമതികളും അംഗീകാരങ്ങളും.





## പ്രധാന നേട്ടങ്ങളും സ്വാധീനവും

ജാതി, മത, ലിംഗ, ഭേദമന്യേ അഞ്ചുലക്ഷത്തിലധികം ആളുകളെ
വൈദിക ജീവിത ദർശനത്തിലേക്ക് കെ.വി.ആർ.എഫ് കൊണ്ടുവന്നു.













## ചരിത്ര നിമിഷങ്ങൾ







**2014 സോമയാഗം:**
പതിമൂന്ന് ലക്ഷത്തിലധികം ആളുകൾ പങ്കെടുത്ത ചരിത്ര പ്രസിദ്ധമായ സോമയാഗത്തിൽ ആദിവാസി സമൂഹങ്ങളടക്കമുള്ള സർവ്വ വിഭാഗങ്ങളും ഭാഗഭാക്കായി.





**2016 - 'പ്രജ്ഞാനം ബ്രഹ്മ'**
ജാതി-മത-ലിംഗ ഭേദമന്യേ ഏതൊരു മനുഷ്യനും വേദം പഠിക്കാനും അഭ്യസിക്കാനുമുള്ള സാർവത്രികമായ അവകാശമുണ്ടെന്ന് ഈ ചരിത്രപ്രധാനമായ പ്രഖ്യാപനത്തിലൂടെ വിളംബരം ചെയ്തു.



### വേദ ക്ഷേത്രം

ചതുർവേദ സംഹിതകൾ പ്രതിഷ്ഠിച്ചിട്ടുള്ള ഭാരതത്തിലെ ആദ്യത്തെ വേദ ക്ഷേത്രവും, ഒപ്പം ആദ്യത്തെ അഗ്നി ക്ഷേത്രവും കെ.വി.ആർ. എഫ് സ്ഥാപിച്ചു.





ചതുർവേദ പ്രതിഷ്ഠ



## സാമൂഹിക - പരിസ്ഥിതി സംരംഭങ്ങൾ



കെ.വി.ആർ.എഫ് സാമൂഹിക പ്രതിബദ്ധതയും സുസ്ഥിരതയും മുൻനിർത്തി താഴെ പറയുന്ന പ്രവർത്തനങ്ങൾ സജീവമായി നടപ്പിലാക്കുന്നു:

### സാമൂഹിക ക്ഷേമം

* **ഭവന പദ്ധതികൾ :** അർഹരായ കുടുംബങ്ങൾക്കായി സുരക്ഷിതമായ പാർപ്പിടങ്ങൾ നിർമ്മിച്ച് നൽകുന്നു.
* **പെൻഷൻ പദ്ധതികൾ :** സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും മുതിർന്ന പൗരന്മാർക്കും ആശ്വാസമേകുന്ന പെൻഷൻ പദ്ധതികൾ.
* **അന്നദാന പദ്ധതി :** കഴിഞ്ഞ നാല് വർഷമായി പ്രതിദിനം 600 ആശുപത്രി രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും പോഷകസമൃദ്ധമായ ഭക്ഷണം നൽകിവരുന്നു.









### ദുരിതാശ്വാസ പ്രവർത്തനങ്ങൾ

അശരണർക്കായി സൗജന്യ മെഡിക്കൽ ക്യാമ്പുകളും, അടിയന്തര സാഹചര്യങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളും സംഘടന ഏകോപിപ്പിക്കുന്നു.









## പരിസ്ഥിതി സുസ്ഥിരത

പരിസ്ഥിതി സംരക്ഷണത്തിനും ജൈവകൃഷിക്കും വേണ്ടിയുള്ള സജീവമായ പ്രചാരണവും പ്രവർത്തനങ്ങളും കെ.വി.ആർ.എഫ് നടത്തുന്നു.















# വേദമഹാമന്ദിരത്തിലെ സ്വദേശീയ ഗോസംരക്ഷണം

വേദമന്ത്രങ്ങൾ കേട്ടൊഴുകുന്ന പൂനൂർ പുഴയുടെ തീരത്തെ വേദമഹാമന്ദിരത്തിൽ നിത്യ സന്ദർശകർക്കു പോലും നവ്യമായ കാഴ്ചകൾ സമ്മാനിക്കുന്ന ദേശിപ്പശുക്കളുണ്ട്. ഭാരതത്തിലെ തനതു ജനുസ്സുകളായ ഗിർ, കാസർഗോഡ് കുള്ളൻ, കൃഷ്ണ എന്നീ ഇനങ്ങളിലെ പശുക്കളുണ്ട്.

ആചാര്യശ്രീയുടെ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളായ വന സംരക്ഷണവും, ജൈവ പച്ചക്കറി കൃഷിയും പോലെ തന്നെ, കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ പശുക്കളുടെ സംരക്ഷണത്തിലൂടെയും പരിചരണത്തിലൂടെയും തങ്ങളുടെ പാരിസ്ഥിതിക ദൗത്യം വ്യാപിപ്പിക്കുന്നു.













# കോഴിക്കോട് അതിരാത്രം

2026 ഏപ്രിൽ 17-26

## അതിരാത്രം കൗൺസിൽ

**മുഖ്യരക്ഷാപീഠം**

**ആചാര്യശ്രീ രാജേഷ്**

**ആചാര്യപത്നി ശ്രീമതി കെ. മീര രാജേഷ്**

**മുഖ്യരക്ഷാധികാരി**

**ശ്രീ. രാജീവ് ഗുലാട്ടി**
(ചെയർമാൻ, എം.ഡി.എച്ച്, (പ്രൈ. ലിമിറ്റഡ്)

**രക്ഷാധികാരികൾ**

**സ്വാമി ചിദാനന്ദപുരി മഹാരാജ്**
(മഠാധിപതി, അദ്വൈതാശ്രമം, കൊളത്തൂർ)

**സ്വാമി വിവേകാമൃതാനന്ദപുരി**
(മഠാധിപതി, ശ്രീ മാതാ അമൃതാനന്ദമയി മഠം, വെള്ളിമാടുകുന്ന്)

**സ്വാമി ജിതാത്മാനന്ദ സരസ്വതി**
(മഠാധിപതി, ചിന്മയ മിഷൻ, തൊണ്ടയാട്)

**സ്വാമി ആധ്യാത്മാനന്ദ സരസ്വതി**
(ആചാര്യൻ സംബോധ് ഫൗണ്ടേഷൻ, കോഴിക്കോട്)

**സ്വാമി നരസിംഹാനന്ദജി മഹാരാജ്**
(മഠാധിപതി, ശ്രീരാമകൃഷ്ണ മഠം, മീഞ്ചന്ത)

**രാജപ്രമുഖസ്ഥാനം**

**മഹാമഹിമ സർവ്വശ്രീ സാമൂതിരി രാജ പി.കെ കേരളവർമ**
(കോഴിക്കോട് സാമൂതിരി)

**ഉപദേശകസമിതി**

**ശ്രീ. എം. കെ. രാഘവൻ**
(ബഹു. എം.പി, കോഴിക്കോട്)

**ശ്രീ. എ. കെ. ശശീന്ദ്രൻ**
(ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രി)

**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
(ബഹു. എം.എൽ.എ., കോഴിക്കോട് നോർത്ത്)

**ശ്രീ. കെ. പി. സുനിൽ കുമാർ**
(ബഹു. പ്രസിഡണ്ട്, കക്കോടി ഗ്രാമ പഞ്ചായത്ത്)

**ചെയർമാൻ**

**ശ്രീ. വിവേക് ഡി. ഷേണായ്**
(ട്രസ്റ്റി, കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ)

**വൈസ് ചെയർമാൻമാർ**

**ശ്രീ. വി.പി. ബാലകൃഷ്ണൻ വൈദിക്**

**ശ്രീ. വി.വി. രാജീവൻ വൈദിക്**

**അഡ്വ. രശ്മി അനിൽകുമാർ വൈദിക്**

**ശ്രീമതി സി. അനിഴകുമാരി വൈദിക്**

**ജനറൽ സെക്രട്ടറി**

**ശ്രീ. സി. സുരേഷ് വൈദിക്**
(ചീഫ് വേദിക് ഇൻസ്ട്രക്ടർ, കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ)

**സെക്രട്ടറിമാർ**

**ശ്രീ. എം. വിശ്വനാഥൻ വൈദിക്**

**ശ്രീമതി. ഷിബി കൃഷ്ണൻ വൈദിക്**

**ശ്രീമതി. സജിത രമേശ് വൈദിക്**

**അഡ്വ. മനുകമൽ വൈദിക്**

**ജനറൽ കൺവീനർ**

**ശ്രീ. പി.ടി. വിപിൻ ആര്യ**
(ട്രസ്റ്റി, കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ)





## കൺവീനർമാർ

ശ്രീ. ഇ. അജിത്ത് കുമാർ വൈദിക്

ശ്രീമതി ശോഭന ബാലകൃഷ്ണൻ വൈദിക്

ശ്രീ. കെ. ചന്ദ്രൻ വൈദിക്

ശ്രീമതി ഷീന രാജേഷ് വൈദിക്

## ഓർഗനൈസിങ് സെക്രട്ടറി

ശ്രീ. എം. മുരളീധരൻ വൈദിക്
(ട്രസ്റ്റി, കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ)

## ചീഫ് കോ-ഓർഡിനേറ്റർ

ശ്രീ. സനീഷ് റാം
(പി.ആർ.ഒ, കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ)

## ട്രഷറർ

ശ്രീ. ഒ. ബാബുരാജ് വൈദിക്
(വേദിക് ഇൻസ്ട്രക്ടർ,കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ)

## സാമ്പത്തികം

ചെയർമാൻ:

ശ്രീ. പി. നിർമൽകുമാർ വൈദിക്

ജനറൽ കൺവീനർ:

ശ്രീ. പി. ഹരിദാസൻ വൈദിക്

## പ്രോഗ്രാം & സ്റ്റേജ്

ചെയർമാൻ

ശ്രീ.എം.പി.സന്തോഷ് കുമാർ വൈദിക്

ജനറൽ കൺവീനർ

ശ്രീമതി ഷീന ചിത്രാംഗദൻ

## കമ്മ്യൂണിക്കേഷൻസ് & ക്രിയേറ്റീവ് സ്ട്രാറ്റജി സെൽ

ചെയർമാൻ

ശ്രീ. കെ. പി. അജിത്ത് വൈദിക്
(റിസർച്ച് സ്കോളർ കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ)

ജനറൽ കൺവീനർ

ശ്രീ. പി. കെ. നവീൻ ആര്യ

## സുവനീർ

ചെയർപേഴ്സൺ:

ശ്രീമതി വേദലക്ഷ്മി എം.ആർ.

ജനറൽ കൺവീനർ:

കുമാരി. വിദ്യാലക്ഷ്മി എം. ആർ.

## റിസപ്ഷൻ

ചെയർമാൻ

ശ്രീമതി ഷാഹിധനി വാസു

ജനറൽ കൺവീനർ

രമ്യ അനിൽ

## അന്നപ്രസാദം

ചെയർമാൻ:

ശ്രീ. സി.ടി. ശിവദാസൻ വൈദിക്

ജനറൽ കൺവീനർ

ശ്രീ. എ. സുധാകരൻ വൈദിക്

## ഇലക്ട്രിക്കൽ & പ്ലംബിംഗ് വർക്ക്സ്

ചെയർമാൻ

ശ്രീ. വിനയകുമാർ പി.

ജനറൽ കൺവീനർ

ശ്രീ. വി. വിജയകുമാർ



**വളണ്ടിയർ**

ചെയർമാൻ
ശ്രീ. സദാശിവൻ കെ

ജനറൽ കൺവീനർ
ശ്രീ. സുനിൽ കുമാർ പി.

**യജ്ഞം**

ചെയർമാൻ
ശ്രീ. എം. ജിനിത്ത് വൈദിക്

ജനറൽ കൺവീനർ
ശ്രീ. കൃഷ്ണചന്ദ്ര വേദാലങ്കാർ

**ട്രാൻസ്പോർട്ടേഷൻ & എക്കമൊഡേഷൻ**

ചെയർമാൻ:
ശ്രീ. ജെ. നിഷിത്ത് രാജ്

ജനറൽ കൺവീനർ:
ശ്രീ. അനൂപ് വി.

**മെഡിക്കൽ ടീം**

ചെയർ പേഴ്സൺ
ഡോ. ബബിത മനോജ്


ജനറൽ കൺവീനർ:
ശ്രീമതി ഷൈജ റീജിഷ്

**ഹെൽത്ത് & ഹൈജീനിക്**

ചെയർമാൻ
ശ്രീ. കെ. കൃപകുമാർ

ജനറൽ കൺവീനർ
ശ്രീ. രാജൻ കെ.എം





# മഹാശയ് ധരംപാൽ MDH വേദ റിസർച്ച് ഫൗണ്ടേഷൻ





**കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ**

**+91 97459 15151, +91 79070 80682**

Our Websites
Acharyasri Rajesh : acharyasrirajesh.in
Kasyapa Veda Research Foundation : Kvrf.in
Courses available at : learnveda.in & vedamrutham.in
Books available at : vedavidyaprakasan.com

Follow Us on : acharyasrirajesh

അതിരാത്രത്തിന്റെ നടത്തിപ്പിലേക്ക്
ധനരൂപത്തിൽ ആഹുതികളർപ്പിക്കാനായി
ക്യൂ.ആർ കോഡ് സ്കാൻ ചെയ്യുക.

KASYAPA VEDA RESEARCH FOUNDATION
AXIS BANK. Branch : KOZHIKODE
A/C. No. 911010048231505, IFSC : UTIB0000136

Scan to Pay



